ചാലക്കുടി റെയിൽവേ അണ്ടർപാസ്സേജിന്റെ അപ്രോച്ച് റോഡ്

289 (1323) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി റെയിൽവേ അണ്ടർ പാസ്സേജിന്റെ നിർമ്മാണം പൂർത്തിയാക്കി 2 വർഷം പിന്നിട്ടിട്ടും ഇതിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കാത്തതുമൂലം യാത്രക്കാർക്കും പ്രദേശവാസികൾക്കുമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് അംഗീകാരം നൽകി ഉടൻ ഭരണാനുമതി നൽകുന്നതിനും പ്രസ്തുത അപ്രോച്ച് റോഡ് യാഥാർത്ഥ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നകാര്യം സർക്കാർ പരിഗണനയിലാണ്.

റെയിൽവേ മേൽപ്പാലം

290 (†1324) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാവേലിക്കര റെയിൽവേ സ്റ്റേഷനു സമീപം ബുധ ജംഗ്ഷൻ-കല്ലുമല റോഡിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ഞാറക്കൽ-മഞ്ഞനക്കാട് പാലത്തിന്റെ നിർമ്മാണം

291 (1325) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഞാറക്കൽ മഞ്ഞനക്കാട് പാലത്തിന്റെ നിർമ്മാണത്തിൽ നിലവിലുള്ള ഭരണാനുമതി പ്രകാരം സർക്കാർ സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ടോ : ഇല്ലെങ്കിൽ എന്തുകൊണ്ട് ; വ്യക്തമാക്കുമോ ;

(ബി) ഭരണാനുമതി നൽകുന്നതിന് ആധാരമാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് പരിഗണിച്ച് പാലം നിർമ്മാണം സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

---

† മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 8-11-2012-ലെ സ.ഉ (സാധാ) നമ്പർ 1885/12/പൊ.മ.വ. പ്രകാരം മഞ്ഞനക്കാട് പാലത്തിന്റെ (Foot Bridge) നിർമ്മാണത്തിന് 2 കോടി രൂപയുള്ള ഭരണാനുമതി നൽകിയെങ്കിലും പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി വരുന്നതേയുള്ളൂ. ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി എത്രയും പെട്ടെന്ന് സാങ്കേതികാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

നീലേശ്വരം-കോട്ടപ്പുറം പാലം പണി

292 (1326) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നീലേശ്വരം കോട്ടപ്പുറം പാലം പണി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; ഇതിന്റെ കരാറുകാരനെ റിസ്ക് ആന്റ് കോസ്റ്റ്-ൽ ടെർമിനേറ്റുചെയ്ത് പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ഏറ്റെടുത്ത ഈ പ്രവൃത്തി ചില സാങ്കേതിക പ്രശ്നങ്ങളാൽ മന്ദഗതിയിലായി. പൈലിംഗ് ചെയ്യുന്നതിനുള്ള പോൺ, ടൂൺ (ബാർജ്) ഒരു പ്രാവശ്യം ഒഴുകി പോകുകയും പുനർനിർമ്മാണത്തിനുശേഷം അടുത്ത വെള്ളത്തിൽ താഴ്ന്ന് പോവുകയും ചെയ്തു. ഇത് പ്രസ്തുത പ്രവൃത്തിയുടെ കാലതാമസത്തിന് കാരണമായി കൂടാതെ പ്രവൃത്തിയുടെ ബില്ലിന്റെ പേമെന്റ് വൈകുന്നതും പ്രവൃത്തിയുടെ പുരോഗതിക്ക് തടസ്സമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 2015, 9-ാം മാസം തീർക്കാമെന്നുള്ള ഒരു പ്രോഗ്രാം ചാർട്ട് നൽകിയിട്ടുള്ളതുകൊണ്ടും ഇപ്പോഴും പണി നടക്കുന്നതുകൊണ്ടും കരാറുകാരനെ ഒഴിവാക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിൽ ഫ്ളൈ ഓവർ

293 (1327) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത 47-ൽ നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിൽ അനുവദിച്ചിട്ടുള്ള മേൽപ്പാലത്തിന്റെ തറക്കല്ലിടീൽ നടത്തി ഒരുവർഷം പിന്നിട്ടിട്ടും നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിൽ ഫ്ളൈ ഓവർ നിർമ്മിക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly